**കേരള സർക്കാർ**

ധനകാര്യ (പെൻഷൻ - എ) വകുപ്പ്

**സർക്കുലർ**

നമ്പർ: **45/2020/ധന.** തിരുവനന്തപുരം,തീയതി: **19/08/2020**

വിഷയം :- പങ്കാളിത്ത പെൻഷൻ പദ്ധതി - പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലെ തുക മടക്കി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1) സ.ഉ (പി)നം.20/2013/ധന. തീയതി, 07.01.2013

2) സ.ഉ (പി)നം.22/2019/ധന. തീയതി 26.02.2019

*****************************************

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ പുതുതായി നിയമിതരാകുന്ന എല്ലാ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സൂചന (1) ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. 01.04.2013 ന് മുൻപ് സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചിട്ടും ചില പ്രത്യേക സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്ത് പ്രാൺ കരസ്ഥമാക്കിയ ശേഷം വിശദമായ പരിശോധനയിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയ്ക്ക് അർഹരാണെന്ന് പിന്നീട് കണ്ടെത്തുന്ന ജീവനക്കാർക്ക്, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള അനുമതി വിവിധ ഉത്തരവുകളിലൂടെ സർക്കാർ നല്കിയിട്ടുള്ളതുമാണ്. ധനകാര്യ (പെൻഷൻ-എ) വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പാണ് ഒരു ജീവനക്കാരന് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള അർഹത പരിശോധിച്ച് ഇത്തരം ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും അവർ അടവാക്കിയിട്ടുള്ള വിഹിതം ജീവനക്കാരുടെ അക്കൗണ്ടിൽ തിരികെ ലഭ്യമാക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത്.

**2)** പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഭരണവകുപ്പുകൾ/ വകുപ്പു തലവന്മാർ/ സ്ഥാപന മേധാവികൾ സ്വന്തം നിലയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും വിലക്കിക്കൊണ്ട് സൂചന (2) ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ വകുപ്പുകളും സ്ഥാപന മേധാവികളും സ്വമേധയാ ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അവർ PRAN അക്കൗണ്ടിൽ അടച്ച തുക തിരികെ നൽകുവാൻ ഉത്തരവ് പുറപ്പെടുവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന കേസുകളിൽ സ്റ്റാറ്റ്യൂട്ടറി പെൻഷന് യഥാർത്ഥത്തിൽ അർഹതയില്ലാത്ത ജീവനക്കാരനെയാണ് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തി ഉത്തരവ്

പുറപ്പെടുവിക്കുന്നതെങ്കിൽ ടി ജീവനക്കാർക്ക് വിരമിക്കുന്ന സമയത്ത് സ്റ്റാറ്റ്യൂട്ടറി പെൻഷനോ പങ്കാളിത്ത പെൻഷനോ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നതാണ്. മേൽ സാഹചര്യത്തിൽ ഒരു ജീവനക്കാരന്റെ പങ്കാളിത്ത പെൻഷൻ പദ്ധതി അംഗത്വം റദ്ദ് ചെയ്ത് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും പ്രാൺ അക്കൗണ്ടിലെ തുക മടക്കി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1)** സെക്രട്ടറിയേറ്റിലെ വിവിധ ഭരണ വകുപ്പുകൾ/ മറ്റു വകുപ്പ് മേധാവികൾ / സ്ഥാപന മേധാവികൾ എന്നിവർ ഇത്തരം കേസുകളിൽ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ.

**2)** ഒരു ജീവനക്കാരന്റെ പങ്കാളിത്ത പെൻഷൻ പദ്ധതി അംഗത്വം റദ്ദു ചെയ്ത് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന്റെ അഭിപ്രായം കൂടാതെ കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് വകുപ്പ് തലവൻമാർക്ക് മാത്രമായിരിക്കും .

**3)** ധനകാര്യ (എൻ.പി.എസ്- സെൽ) വകുപ്പ് പരിശോധിച്ച് ശുപാർശ ചെയ്യുന്ന ജീവനക്കാരെ മാത്രമേ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും ഒഴിവാക്കി പദ്ധതി പ്രകാരം അടച്ച തുക തിരികെ നല്കേണ്ടതുള്ളൂ എന്ന് ട്രഷറി ഡയറക്ടർക്ക് കർശന നിർദ്ദേശം നല്കുന്നു.

**റ്റിങ്കി.എസ്.നെൽസൺ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ),തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ), തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ വകുപ്പ് മേധാവികൾക്കും/ഭരണവകുപ്പുകൾക്കും
6. എല്ലാ സ്ഥാപന മേധാവികൾക്കും
7. ധനകാര്യ (എൻ.പി.എസ്-സെൽ)വകുപ്പ്.
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. **(E-1461147)**

ഉത്തരവിൻ പ്രകാരം

Siya

**സെക്ഷൻ ഓഫീസർ**